# പതിനഞ്ചാം കേരള നിയമസഭ
## ഒന്നാം സമ്മേളനം
## ബഹു സ്പീക്കറുടെ റൂളിംഗ്

08-06-2021

### (6) ജസ്റ്റിസ് പി. എ. മുഹമ്മദ് കമ്മീഷൻ റിപ്പോർട്ട്

2021 ജൂൺ 8-ാംതീയതി ധനകാര്യം പരിഗണിക്കുന്നതിന് മുമ്പ്, 2016 ജൂലൈ 20-ന് ഹൈക്കോടതി പരസരത്തുവച്ച് അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിലുണ്ടായ സംഘർഷത്തെത്തുടർന്നുള്ള സംഭവങ്ങളെപ്പറ്റി അന്വേഷിക്കുന്നതിന് നിയോഗിച്ച ജസ്റ്റിസ് പി. എ. മുഹമ്മദ് കമ്മീഷൻ 2020 ജൂൺ 30-ാം തീയതി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിരുന്നെന്നും റിപ്പോർട്ട് ലഭിച്ച് 11 മാസം കഴിഞ്ഞിട്ടും അതിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ടുൾപ്പെടെ സഭയിൽ സമർപ്പിക്കാത്തത് നിയമലംഘനമാണെന്നും ഇക്കാര്യത്തിൽ സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണമെന്നും ഒരു പ്രതിപക്ഷാംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

2016 ജൂലൈ 20-ാം തീയതി ഹൈക്കോടതി പരിസരത്തുവച്ച് അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിലുണ്ടായ സംഘർഷത്തെത്തുടർന്നുണ്ടായ സംഭവങ്ങളെപ്പറ്റി അന്വേഷിച്ച ജസ്റ്റിസ് പി.

എ. മുഹമ്മദ് കമ്മീഷൻ, 30-06-2020-ന് റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്നും ഇക്കാര്യത്തിലുള്ള സമ്പൂർണ്ണ നടപടി റിപ്പോർട്ട് തയ്യാറാക്കാൻ കൂടുതൽ പരിശോധന ആവശ്യമായി വന്നുവെന്നും കോവിഡ് മഹാമാരിമൂലം ഓഫീസുകളുടെ സുഗമമായ പ്രവർത്തനം തടസ്സപ്പെട്ടതിനാലും നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലും സമയബന്ധിതമായി നടപടിക്രമങ്ങൾ പൂർത്തിയാക്കി കമ്മീഷൻ റിപ്പോർട്ടും നടപടി റിപ്പോർട്ടും നിയമസഭ മുൻപാകെ സമർപ്പിക്കാൻ സാധിച്ചിരുന്നില്ലെന്നും നടപടിക്രമങ്ങൾ എത്രയുംപെട്ടെന്ന് പൂർത്തിയാക്കി റിപ്പോർട്ടും ആക്ഷൻ ടേക്കൺ റിപ്പോർട്ടും അടുത്ത നിയമസഭാ സമ്മേളനത്തിൽ സമർപ്പിക്കുന്നതാണെന്നും മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി*.

നടപടികൾ പൂർത്തീകരിച്ച് അടുത്ത സമ്മേളനത്തിൽത്തന്നെ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതാണെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം തീർപ്പാക്കുകയാണ്.